# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P10/1969/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 03/12/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P10/1969/2024 തീയ്യതി: 03/12/2024

## കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-08-2023 മുതൽ 13-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളൈ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2024 | 21-11-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2024 | 21-11-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി രബിത.ടി.പി,ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിശ.ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ വൈശാഖ് .എ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.പി.ദാമോദരൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. മനോജ്.ഒ | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷിബിൻ.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി സൗദ കെ.സി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ഡോ. അഭിലാഷ് പി.കെ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീ വിശാന്ത് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി. രാജലക്ഷ്മി.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ബിനീഷ്. പി.പി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ബിനോയ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 31-03-2024 |
| ഡോ. അഷിത.എ.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 26-06-2023 |
| ഡോ ദീപ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 27-06-2023 | 31-03-2024 |
| അബ്ദുൽ ബഷീർ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ ജയപ്രകാശ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2023 | 01-06-2023 |
| ശ്രീ.ഷിജു എ എ | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-06-2023 | 31-03-2024 |
| ശ്രീ. രമേശൻ.യു.എം | ഹെഡ് മാസ്റ്റർ | 01-04-2023 | 17-06-2023 |
| ശ്രീമതി അനിത | ഹെഡ് മിസ്ട്രസ് | 17-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| കുമാരി | | | |
| ശ്രീമതി ലജന എം.എം | വി.ഇ.ഒ(നടുവണ്ണൂർ) | 01-04-2023 | 02-06-2023 |
| ശ്രീ. ബിജോഷ് എസ് .ഡി | വി.ഇ.ഒ(നടുവണ്ണൂർ) | 03-06-2023 | 14-08-2023 |
| ശ്രീ. ജയകുമാർ | വി.ഇ.ഒ(നടുവണ്ണൂർ) | 12-09-2023 | 27-01-2024 |
| ശ്രീമതി.ഫസീല | വി.ഇ.ഒ(നടുവണ്ണൂർ | 01-02-2024 | 31-03-2024 |
| ശ്രീമതി ലജന എം.എം | വി.ഇ.ഒ(കാവുന്തറ) | 01-04-2023 | 02-06-2023 |
| ശ്രീ. ബിജോഷ് എസ് .ഡി | വി.ഇ.ഒ(കാവുന്തറ) | 03-06-2023 | 22-06-2023 |
| ശ്രീ.ശശി | വി.ഇ.ഒ(കാവുന്തറ) | 22-06-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും സമർപ്പിച്ചില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-4 |
| 6 | വികസനഫണ്ട് - എസ്.സി.പി. ചെലവ് വാർഷിക കണക്കും ഐ.കെ.എം. ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല | 1-1-6 |
| 8 | പെർമനന്റ് ഇംപ്രസ്റ്റ് -തുക പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല . | 1-1-7 |
| 9 | വർഷാന്ത്യ സാക്ഷ്യപത്രം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്ററിലെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിശദാംശങ്ങൾ ലഭ്യമല്ല | 1-1-10 |
| 12 | "Directly Debited By Bank” ആയി ചേർത്ത തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-11 |
| 13 | Public Comfort Station Receipts വഴിയുള്ള വരവിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-12 |
| 14 | ചെലവ് ഹെഡ് മാറി ബുക്ക് ചെയ്തു | 1-1-13 |
| 15 | ഫിക്സഡ് ഡെപോസിറ്റിന്റെ പലിശ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. | 1-1-14 |
| 16 | ബാലൻസ് ഷീറ്റിലെ ബി 4 - ബി 17 ഷെഡ്യൂളുകളിൽ പൊരുത്തക്കേട് | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്ഷേമ പദ്ധതികൾ | 1-6 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |

| | | |
|---|---|---|
| 23 | സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല | 1-8 |
| 24 | 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം | 1-9 |
| 25 | കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു. | 1-10 |
| 26 | ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം | 1-11 |
| 27 | ഭരണസമിതി മിനുട്ട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-12 |
| 28 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിനുള്ള തുക സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി. | 1-13 |
| 29 | ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-14 |
| 30 | താൽക്കാലിക എം.സി.എഫ് കെട്ടിടത്തിന് വാടക നൽകിയതിനാധാരമായ രേഖകൾ ഫയലിൽ ഇല്ല. | 1-15 |
| 31 | സുസ്ഥിരമായ ശുചിത്വം ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ | 1-16 |
| 32 | ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ- പ്രവർത്തനം കാര്യക്ഷമമല്ല | 1-17 |
| 33 | കുടിവെള്ളപദ്ധതി മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ | 1-18 |
| 34 | മെൻസ്ട്രുവൽ കപ്പ് വിതരണം . പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 35 | പൊതുമരാമത്ത് ചെലവ് തുക സംബന്ധിച്ച് | 1-20 |
| 36 | പൊളിച്ച് മാറ്റിയ മെറ്റീരിയൽ ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-21 |
| 37 | സർക്കാർ അനുമതിയില്ലാതെ ഘടക സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിക്കുന്നു. | 1-22 |
| 38 | റിജക്റ്റഡ് വേസ്റ്റ് കൈയ്യൊഴിയൽ - ചെലവഴിച്ചത് 13.87 ലക്ഷം രൂപ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമല്ല | 1-23 |
| 39 | സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി - സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തിൽ കൃത്യതയില്ല | 1-24 |
| 40 | വാറന്റി ഉള്ള ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി | 1-25 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.05.2024 തീയതിയിലെ 1 ആം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024/21.11.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കോഴിക്കോട്

1-1-1 എല്ലാ പത്രികകളും സമർപ്പിച്ചില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ൽ നിഷ്കർഷിക്കും പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ-റേഷ്യോസ്

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും (-1766638) ഇതേ പത്രികയിലെ "Net Cash Generated By Operating+ Investing + Financial Activity" (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (8,67,78,042) പൊരുത്തപ്പെടുന്നില്ല.

1-1-3 ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉത്ഭവിക്കുന്ന മുറയ്ക്കും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിന് പകരം 31.03.2024ന് ആണ് ലെഡ്ജറുകളിൽ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-4 ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-5 വികസനഫണ്ട് - എസ്.സി.പി. ചെലവ് വാർഷിക കണക്കും ഐ.കെ.എം. ചെലവ് പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

വികസനഫണ്ട് –എസ്.സി.പി. ഫണ്ട് വാർഷിക കണക്ക് (I6) പ്രകാരം 52,81,081 രൂപയാണ്. എന്നാൽ ഐ.കെ.എം. ചെലവ് പത്രിക പ്രകാരം ചെലവ് 52,11,081 രൂപയാണ്. വാർഷിക കണക്കും ചെലവ് പത്രികയും തമ്മിൽ 70,000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-6 മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ I-14 (E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല

1-1-7 പെർമനന്റ് ഇംപ്രസ്റ്റ് -തുക പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല .

2023-24 വർഷ വാർഷിക കണക്ക് ഷെഡ്യൂൾ ബി-18 പ്രകാരം പെർമനന്റ് ഇംപ്രസ്റ്റായി 200/- രൂപ നീക്കിയിരിപ്പുണ്ട് . എന്നാൽ ഗ്രാമപഞ്ചായത്തിൽ അങ്ങനെ ഒരു തുക സൂക്ഷിക്കുന്നില്ല.

1-1-8 വർഷാന്ത്യ സാക്ഷ്യപത്രം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ ,അഡ്വാൻസ് രജിസ്റ്റർ എന്നിവയുടെ വർഷാന്ത്യ സാക്ഷ്യപത്രം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-9 അഡ്വാൻസ് രജിസ്റ്ററിലെ നീക്കിയിരിപ്പ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം Advance To Implementing Agencies – Deposit With Kerala Electricity Board (460500202) ഹെഡിൽ തുക 0 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഈയിനത്തിൽ 1,209/- രൂപ നീക്കിയിരിപ്പ് ഉണ്ട്.

1-1-10 ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിശദാംശങ്ങൾ ലഭ്യമല്ല

2023-24 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ്&പേയ്മെന്റ് R P-10 ഷെഡ്യൂൾ പ്രകാരം Audit Recovery ഇനത്തിൽ 5,342/- രൂപ വരവുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിശദാംശങ്ങൾ എഴുതി

സാക്ഷ്യപ്പെടുത്തിയിട്ടില്ല .

### 1-1-11 "Directly Debited By Bank" ആയി ചേർത്ത തുകയുടെ വിശദാംശം ലഭ്യമല്ല

BOB CFC അക്കൗണ്ടിന്റെ (68810100006433) റിക്കൺസിലിയേഷൻ വിശദാംശത്തിൽ 31.03.24 ന് "Directly Debited By Bank" ആയി പാസ്ബുക്കിൽ നിന്നും Debit ചെയ്ത 25,256/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

### 1-1-12 Public Comfort Station Receipts വഴിയുള്ള വരവിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

വരവ് ചെലവ് പത്രിക പ്രകാരം Public Comfort Station Receipts ഇനത്തിൽ പഞ്ചായത്തിന് 51,150/- രൂപയുടെ വരവ് ഉണ്ട്. എന്നാൽ പണം പിരിക്കുന്ന രസീതുകളും, മറ്റു വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-13 ചെലവ് ഹെഡ് മാറി ബുക്ക് ചെയ്തു

തൻ വർഷം ഡിസ്ട്രെസ്സ് റിലീഫ് ഫണ്ടിൽ നിന്ന് ചെലവുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയുടെ RP-28(P) ഷെഡ്യൂളിൽ ഉള്ള ഹെഡിൽ പ്രസ്തുത ചെലവ് കാണിച്ചിട്ടില്ല.

### 1-1-14 ഫിക്സഡ് ഡെപോസിറ്റിന്റെ പലിശ അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

കേരള ബാങ്ക് നടുവണ്ണൂർ ബ്രാഞ്ചിൽ ഫിക്സഡ് ഡെപോസിറ്റ് രശീത് നമ്പർ 112837 പ്രകാരം നിക്ഷേപിച്ച 16,90,000/- രൂപയുടെ ഓഫർ ചെയ്ത പലിശ തുക 7.25 % അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. (ഖ- 1-8 കാണുക)

### 1-1-15 ബാലൻസ് ഷീറ്റിലെ ബി 4 - ബി 17 ഷെഡ്യൂളുകളിൽ പൊരുത്തക്കേട്

2023-24 ലെ ബാലൻസ് ഷീറ്റിലെ ബി- 4 ഷെഡ്യൂൾ പ്രകാരം സെൻട്രൽ ഫിനാൻസ് കമ്മീഷൻ ബേസിക്ക് ഗ്രാന്റ് ഇനത്തിലെ നീക്കിയിരിപ്പ് 13,13,687/- രൂപയും ടൈഡ് ഗ്രാന്റ് ഇനത്തിലെ നീക്കിയിരിപ്പ് 14,12,185/- രൂപയുമാണ് (ആകെ നീക്കിയിരിപ്പ് 13,13,687+ 14,12,185= 27,25,872/-). എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ (Bank Of Baroda P.F.M.S C.F.C അക്കൗണ്ട് നം. 6810100006433) നീക്കിയിരിപ്പ് 27,68,829/- രൂപയാണ്. ബി-4, ബി-17 ഷെഡ്യൂളുകൾ തമ്മിൽ 42,957/- രൂപയുടെ വ്യത്യാസം ഉണ്ട് . വിവിധ പദ്ധതികളിൽ നിന്നായി ടാക്സ് ഇനത്തിൽ കിഴിവ് ചെയ്ത 42,957/-രൂപ ബാങ്കിൽ നിന്നും കുറവ് വരാത്തതാണ് വ്യത്യാസത്തിന് കാരണം. വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 01.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ പുതുക്കിയ ബജറ്റ് 05.02.2024 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| ഇനം | ബഡ്ജറ്റ് |
|---|---|
| മുന്നിരിപ്പ് | 1,07,17,312 |
| വരവ് | 37,94,48,588 |
| ആകെ | 39,01,65,900 |

| | |
|---|---|
| ചെലവ് | 37,86,28,234 |
| നീക്കിയിരിപ്പ് | 1,15,37,366 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42,248,436 |
| ഓഡിറ്റ് വർഷത്തെ വരവ് | 49,785,153 |
| ആകെ | 92,033,589 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 51,551,791 |
| നീക്കിയിരിപ്പ് | 40,481,798 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,72,94,337 | 1,72,94,337 | 1,32,93,244 | 40,01,093 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7,43,9000 | 74,39,000 | 52,11,081 | 22,27,919 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 1,14,09,350 | 1,14,09,350 | 46,84,548 | 67,24,802 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 32,10,000 | 32,10,000 | 26,70,762 | 5,39,238 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMS മുഖേന) | 7,83,838 | 29,52,417 | 37,36,255 | 24,22,568 | 13,13,687 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS മുഖേന) | 31,14,742 | 21,11,000 | 52,25,742 | 38,13,557 | 14,12,185 |

വികസനഫണ്ട്(പൊതുവിഭാഗം) ൽ ജി.ഒ പ്രോജക്ട് ചെലവായി സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത് IKM മെമ്പർഷിപ്പ് ഫീസിന്റെ ചെലവായ 296337/- രൂപ എ.സി.ആറിൽ ഉൾപ്പെട്ടിട്ടുണ്ട് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 16,99,10,078 | 115 | 6,00,82,530 | 53 | 72 | 70 % |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 77,62,000 | 688 |
| വിധവാപെൻഷൻ | 10,745,700 | 1000 |
| വാർദ്ധക്യകാലപെൻഷൻ | 2,32,91,500 | 2407 |
| വികലാംഗപെൻഷൻ | 34,65,900 | 328 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,50,000 | 77 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2024 തീയതിയിൽ ഉച്ചയ്ക്ക് 2.45 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,368 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 സ്ഥിര നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്ത പലിശ ലഭിക്കുന്നില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ രസീതുകൾ എന്നിവ പ്രകാരം പരിശോധിച്ചതിൽ കേരള ബാങ്ക് നടുവണ്ണൂർ ശാഖയിലെ 112837 തീയതി 01/10/2022 നമ്പർ രസീത് പ്രകാരമുള്ള 16,90,000/- രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റിനു 7.25% പലിശ നിരക്കിൽ (1,22,525 /- രൂപ) വാഗ്ദാനം ചെയ്ത പലിശ കേരള ബാങ്ക് തനത് അക്കൗണ്ടിൽ ക്രഡിറ്റ് ആയി എന്ന് ആണ് രജിസ്റ്ററിൽ കാണിച്ചിട്ടുള്ളത്. എന്നാൽ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ തുക വരവ് വന്നതായി കാണുന്നില്ല. മേൽ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് രേഖകൾ സഹിതം

അറിയിക്കേണ്ടതാണ്.

1-9 2023-24 വർഷം നികുതി അസ്സസ്സ് ചെയ്ത കെട്ടിടങ്ങൾക്ക് പുതിയ നിരക്കുകൾ ബാധകമാക്കിയില്ല - പഞ്ചായത്തിന് നികുതി നഷ്ടം

05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ ഭരണ സമിതിയുടെ 02.05.2023 ലെ 01(1)/2023 നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് 17.05.2023 ന് പത്രത്തിൽ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും, നിരക്കുകൾ 31.07.2023 ന് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. 2023 ഏപ്രിൽ 1 മുതൽ പുതുക്കിയ നിരക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയ തീയതി വരെ ബിൽഡിംഗ് നമ്പർ അനുവദിച്ച പുതിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ ഉള്ള ഡിമാൻഡ് കണക്കാക്കി നൽകിയിട്ടില്ല. ന്യൂ ബിൽഡിംഗ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ ക്രമ നമ്പർ 195 വരെ ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് നികുതി പുതുക്കി നൽകാനുണ്ട് എന്ന് കാണുന്നു. നികുതി പുതുക്കി നിശ്ചയിക്കാത്തതിനാൽ 2024-2025 സാമ്പത്തിക വർഷവും വസ്തു നികുതി പഴയ നിരക്കിൽ കണക്കാക്കി ആണ് ഉടമകൾ അടവാക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ നൽകുന്നു .

| വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സഞ്ചയ പ്രകാരം നിലവിലെ നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|---|
| 9/451 A | മുസ്തഫ | 3 | 6 (300sq.M ൽ താഴെ ) |
| 9/173A | അവറാൻകുട്ടി | 3 | 6 (300sq.M ൽ താഴെ ) |
| 8/210A | ഹംസ | 3 | 10 (300sq.M ന് മുകളിൽ) |
| 3/193E-L | സബീന | 60 | 70 (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ളവ) |
| 1/540A-H | ഷാജു.സി | 60 | 70(വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ളവ) |

2023-24 വർഷം അസ്സസ്സ് ചെയ്ത പുതിയ കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കുന്നതിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/ 19-11 -2024 ) മറുപടി ആയി പുതുക്കിയ നിരക്കിലുള്ള ഡിമാൻഡ് കണക്കാക്കി 2024-25 വർഷത്തിൽ നികുതി കുടിശിക ഉൾപ്പടെയുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് മുഴുവൻ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ നികുതി നിർണ്ണയിച്ച്, കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-10 കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുന്നു.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ നിഷ്കർഷിക്കുന്നു. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 18.11.2024 തീയതിയിൽ രാവിലെ 11 ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ ചട്ടവിരുദ്ധമായ നിർമ്മാണങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം: | വാർഡ്/ ഡോർ നം: | ഉടമസ്ഥന്റെ പേര് | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|---|
| 1 | 6/170 A,B,C,D | അബ്ദുൽ അസീസ് | ബിൽഡിങ്ങിന്റെ പിറകുവശത്ത് കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യത്യാസപ്പെടുത്തി മുറി ഉണ്ടാക്കി ഗ്ലാസ് കട്ടിങ് യൂണിറ്റ് പ്രവർത്തിക്കുന്നു. |
| 2 | 15/324 B,C,D | ബഷീർ | ബിൽഡിങ്ങിന്റെ പിറകുവശത്ത് കംപ്ലീഷൻ പ്ലാനിൽ കാണിക്കാത്ത രീതിയിൽ ഷീറ്റ് കൊണ്ട് മറച്ച് മുറി ഉണ്ടാക്കി മുൻ വശത്തുള്ള പെയിന്റ് പീടികയുടെ ഗോഡൗൺ ആക്കി ഉപയോഗിക്കുന്നു. |

ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് നിയന്ത്രിക്കാനാകാത്തത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനും പഞ്ചായത്തിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 9/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം

ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിട കെട്ടിടങ്ങളെ സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കി ചതുരശ്ര മീറ്ററിന് 55/- രൂപ എന്ന നിരക്കിൽ നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ നൽകുന്നു.

| വാർഡ്/ ഡോർ നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉടമസ്ഥന്റെ പേര് | നിലവിൽ കാണി ച്ച ഉപയോഗ ക്രമം/ ഏർപ്പെടുത്തിയ നികുതി നിരക്ക് | യഥാർത്ഥത്തിൽ കാണിക്കേണ്ട ഉപയോഗ ക്രമം/ഏർപ്പെടുത്തേണ്ട നികുതി നിരക്ക് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 6/170 B | 81.46 | അബ്ദുൾ അസീസ് | പാർപ്പിടാവശ്യം/ 6/-രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യ ത്തിനുള്ളവ 300 ചതുരശ്ര മീറ്റർ വരെയുള്ളവ 55/- രൂപ |
| 6/170 C | 41.5 | | | |
| 6/170 D | 41.5 | | | |
| 15/324 C | 84.08 | ബഷീർ | പാർപ്പിടാവശ്യം/ 6/-രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യ ത്തിനുള്ളവ 300 ചതുരശ്ര മീറ്റർ വരെയുള്ളവ 55/- രൂപ |
| 15/324 D | 84.08 | | | |

മേൽ അപാകത മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. മേൽ കെട്ടിടങ്ങൾക്ക് പട്ടികയിൽ നിർദ്ദേശിച്ച രീതിയിൽ നികുതി ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, (നം :6/2023-24, തിയ്യതി: 19.11.24) പ്രസ്തുത കെട്ടിടങ്ങളെ അപ്പാർട്ട്മെന്റ് എന്ന ഗണത്തിൽ പെടുത്തിയാണ് നികുതി ഈടാക്കിയത് എന്നും, ലോഡ്ജിങ് ഹൌസസ്/ ഹോട്ടലുകൾ പ്രകാരമുള്ള പ്രത്യേക റിസപ്ഷൻ സെന്റർ അടങ്ങുന്ന കൂടുതൽ റൂമുകൾ അടങ്ങുന്ന കെട്ടിടങ്ങൾ അല്ലാത്തതിനാലാണ് അവ ലോഡ്ജ്/ ഹോട്ടൽ ഗണത്തിൽ പെടുത്താൻ സാധിക്കാത്തതു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമാകുന്ന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ തുക എത്രയെന്ന് പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ ഭരണ സമിതിയുടെ 02.05.2023 ലെ 01 (1) നമ്പർ തീരുമാന പ്രകാരം താത്കാലികമായി പുതുക്കി നിശ്ചയിച്ച്, 31.07.2023-ന് അന്തിമ വിജ്ഞാപനം പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി വിജ്ഞാപന പ്രകാരം പാർപ്പിട ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങളെ A, B, C, D, E എന്നിങ്ങനെ ഉപവിഭാഗങ്ങൾ ആയി വീണ്ടും തരം തിരിച്ചിട്ടുണ്ട്. ക്രമ നമ്പർ 1 A പ്രകാരം സ്വന്തം താമസത്തിനു ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോം സ്റ്റേ 300 ച.മീ താഴെ ഉള്ളവ എന്നിവയ്ക്ക് 6/- രൂപയും, 1 E പ്രകാരം ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്റർ വരെയുള്ളവ 55/- രൂപയും ആണ് നികുതി നിരക്ക്. . ഉപയോഗക്രമം മാറി നികുതി നിർണ്ണയിച്ചു നൽകുമ്പോൾ പഞ്ചായത്തിന് ഭീമമായ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. നികുതി നിർണയിക്കുമ്പോൾ കെട്ടിടങ്ങളുടെ ഉപവിഭാഗം 05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കൃത്യമായി നിർവ്വചിക്കേണ്ടതാണ്. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-12 ഭരണസമിതി മിനുട്സ് പൂർത്തീകരിക്കുന്നതിൽ കാലതാമസം

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് യോഗത്തിന്റെ തീരുമാന രജിസ്റ്റർ 24 മണിക്കൂറിനുള്ളിലും മിനുട്സ് 3 ദിവസത്തിനുള്ളിലും പ്രസിഡന്റ് അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. 2024 ൽ ഓഡിറ്റ് തീയതി വരെ നടന്ന 26 യോഗങ്ങളിൽ 21 യോഗങ്ങളുടെ മിനുട്സ് പൂർത്തീകരിച്ചതായും 4 യോഗങ്ങളുടെ മിനുട്സ് പൂർത്തീകരിക്കാത്തതായും ഒരു യോഗത്തിന്റെ മിനിട്സ് എൻട്രി ഇതുവരെ രേഖപ്പെടുത്തൽ വരുത്താത്തതായും സകർമ്മ സോഫ്റ്റ്‌വെയറിൽ നിന്നും വ്യക്തമാകുന്നു. പൂർത്തീകരിക്കാത്ത യോഗങ്ങളുടെ മിനുട്സ് 2024 സെപ്റ്റംബർ 23, ഒക്ടോബർ 14, ഒക്ടോബർ 25, നവംബർ 13 എന്നീ തീയതികളിൽ

ചേർന്ന യോഗങ്ങളിലേതാണ്. മീറ്റിംഗ് നോട്ടീസ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത തിയ്യതികളിലെ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം നടന്ന യോഗങ്ങളിൽ മിക്ക യോഗങ്ങളുടേയും മിനിട്സ് രണ്ട് മാസത്തിലേറേക്കാലം കഴിഞ്ഞാണ് പൂർത്തീകരിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം നടന്ന തിയ്യതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്പ്രൂവ് ചെയ്ത തീയതി |
|---|---|---|
| 08.1.24 | 04.04.24 | 15.04.24 |
| 05.02.24 | 11.05.2024 | 13.05.2024 |
| 26.3.24 | 14.5.24 | 14.5.24 |

സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനങ്ങൾ പൂർത്തീകരിക്കുന്നതിലും കാലതാമസം

ചുവടെ ചേർക്കുന്ന സ്റ്റാൻഡിംഗ് കമ്മറ്റികളുടെ യോഗമിനുട്സും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല .

| സ്റ്റാൻഡിംഗ് കമ്മറ്റി | യോഗം നടന്ന തിയ്യതി |
|---|---|
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 30.10.24 |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി | 08.11.24 |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 30.09.24 |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 22.10.24 |
| വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 08.11.24 |

യോഗതീരുമാനങ്ങൾ കൃത്യമായി രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുവാൻ സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നിരിക്കേ യഥാസമയം മിനുട്സ് പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/24 തീയതി 15.11.24 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കാരണം വിശദീകരിക്കേണ്ടതും മിനുട്ട്സ് പൂർത്തിയാക്കി അറിയിക്കേണ്ടതുമാണ് .

## 1-13 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിനുള്ള തുക സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 25/23-24 |
| പ്രൊജക്ട് | അഗതി ആശ്രയ 2023-24 |

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ചെലവു തുക | 2,00,000 (വികസന ഫണ്ട്, ജനറൽ) |

ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിന് തുക അനുവദിക്കുന്നതിനാണ് പ്രൊജക്ട്. ആയത് പ്രകാരം സി.ഡി.എസ് ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 39707226753, എസ്.ബി.ഐ നടുവണ്ണൂർ ശാഖ) 2,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. സി.ഡി.എസിന്റെ ക്യാഷ്ബുക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഈ അക്കൗണ്ടിൽ നിന്നും 2 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന റിപ്പയറിനായി 50000/-രൂപ വീതം എസ്റ്റിമേറ്റിന്റേയും എഞ്ചിനീയറുടെ വാലുേഷന്റെയും അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട് . 2024-25 ൽ ഇവർക്ക് അവസാന ഗഡുവായി 50000/-രൂപ വീതവും നൽകിയിട്ടുണ്ട് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.5.22ലെ സ.ഉ. (കൈ)നം 115/22/Lsgd നം ഉത്തരവിലെ ഖ2.11 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട ഇനങ്ങളിലൊഴികെ സബ്സിഡി അഡ്വാൻസ് ആയി നൽകാവുന്നതല്ല. കൂടാതെ ഖണ്ഡിക 2.12 പ്രകാരം പ്രത്യേകം അനുവദിക്കപ്പെട്ട സാഹചര്യങ്ങളിലൊഴികെ സബ്സിഡി / ധനസഹായം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ നല്കാനും പാടുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസനഫണ്ട് ഗുണഭോക്താവിന്റേതല്ലാതെ സി.ഡി.എസ് ചെയർപേഴ്സന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിനും പദ്ധതിയുടെ ചെലവ് വരുമെന്ന രീതിയിൽ വികസനഫണ്ട് അഡ്വാൻസായി നൽകിയതിനും വിശദീകരണം നൽകേണ്ടതാണ് .

## 1-14 ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 201 |
| പ്രോജക്ട് | ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| വകയിരുത്തിയത് | 9,17,175 (മറ്റുള്ളവ) |
| ചെലവ് | 4,90,742 (മറ്റുള്ളവ) |
| ബിൽ നം | 299/20.2.24-2900 |
| | 430/26.3.24-53676 |
| | 321/05.03.24-71366 |
| | 322/5.3.24-66609 |
| | 319/05.3.24-99750 |
| | 320/05.3.24-93187 |
| | 323/05.3.24-77154` |

| | |
|---|---|
| ആകെ | 4,90,742/- |

ബഡ്സ് സ്കൂളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട്. ടി.വി, ലാപ്ടോപ്പ്, സ്കൂളിലേക്ക് ആവശ്യമായ ഫർണ്ണീച്ചർ എന്നിവയാണ് പ്രോജക്ട് പ്രകാരം വാങ്ങിയത്. ടി.വി ക്വട്ടേഷൻ ക്ഷണിച്ചും ലാപ്ടോപ്പ് ജെമ്മിൽ നിന്നുമാണ് വാങ്ങിയത്. ഫർണ്ണീച്ചറുകൾ നേരിട്ട് കാഡ്കോയിൽ നിന്നാണ് വാങ്ങിയത്. കാഡ്കോയിൽ നിന്നും വാങ്ങിയ ഫർണ്ണീച്ചറുകളിൽ കാഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഇല്ലാത്തവയും ഉൾപ്പെടുന്നു. വിശദാംശം ചുവടെ ചേർക്കുന്നു .

1.Hardwood Desk With Shelf And Front Covering (120x50x75)

2.Wooden Shelf(using Treated Rubwood Pannels With Standard Fixtures And Fittings)

115cmLX240cmHX40cm D

120cmLX240cmHX40cm D

112cmLX240cmHX40cm D

3.Woodenshowcase (240x80x30cm)

4.Alluminium Partition Work

ഫർണ്ണീച്ചറുകൾ കാഡ്കോ നിർമ്മിച്ചവയാണെന്നുള്ള സാക്ഷ്യപത്രം ഫയലിൽ ഉണ്ട് എന്നാൽ കാഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടവയല്ല നിർമ്മിച്ച് നൽകിയ ഉൽപ്പന്നങ്ങൾ . അതുകൊണ്ട് തന്നെ ഫർണ്ണീച്ചറുകൾക്ക് ഈടാക്കിയ വിലയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല .

പ്രസ്തുതഫയലിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 27.9.18 ലെ 1020/A3/2009/K.S/ K.K.D4 നമ്പർ നടപടിക്രമം പ്രകാരം 1250000/-രൂപയുടെ ധനസഹായം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് പഞ്ചായത്തിന്റെ എസ്.ടി.എസ്.ബി അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്ത് നൽകിയത്. അതേ നടപടിക്രമത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2020-21 ൽ 2,82,825/- രൂപയും 2023-24 ൽ 4,90,742/-രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട് .

ചെലവഴിക്കാതെ 4,76,433/-രൂപ ഇനിയും അവശേഷിക്കുന്നുണ്ട്. ആയത് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതും കാഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ കാഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതുമാണ്.

1-15 താൽക്കാലിക എം.സി.എഫ് കെട്ടിടത്തിന് വാടക നൽകിയതിനാധാരമായ രേഖകൾ ഫയലിൽ ഇല്ല.

| | |
|---|---|
| പ്രോജക്ട് നം | 222 |
| പ്രോജക്ട് | താൽക്കാലിക എം.സി.എഫ് കെട്ടിടം വാടക നൽകൽ |
| നിർവ്വഹണം | അസി.സെക്രട്ടറി |
| വകയിരുത്തിയത് | 100000 (തനതു ഫണ്ട്) |
| ചെലവ് | 22200 (തനതു ഫണ്ട്) |

| | |
|---|---|
| ബിൽ നം | 334/22.03.24-4000<br>399/25.3.24-18200 |

എം.സി.എഫിന് രണ്ടാമത്തെ സ്ഥിരം സംവിധാനമാകുന്നതുവരെ വാർഡുകളിൽ കണ്ടെത്തുന്ന താൽക്കാലിക എം.സി.എഫിന് മാസ വാടക നൽകുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിടുന്നത്. പ്രോജക്ട് പ്രകാരം രണ്ട് താൽക്കാലിക എം.സി.എഫുകൾ പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള വാടകയാണ് നൽകിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷനിൽ അധികരിക്കാത്ത തുകയാണ് വാടകയായി നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | വാല്യുവേഷൻ പ്രകാരം പ്രതിമാസ വാടക | പ്രതിമാസത്തേക്ക് നൽകിയ തുക |
|---|---|---|---|
| 1 | V/101 A | 2165 | 2000 |
| 2 | IX -439/11 &438/11 | 2710 | 2600 |

ക്രമ നം. 1 പ്രകാരമുള്ള കെട്ടിടത്തിന് 2024 ജനുവരി, ഫെബ്രുവരി മാസത്തേക്കും ക്രമ നം.2 പ്രകാരമുള്ള കെട്ടിടത്തിന് 2023 ആഗസ്റ്റ് മുതൽ 7 മാസത്തേക്കുമുള്ള വാടകയാണ് അനുവദിച്ചത്. വാടക നൽകുന്നതിനാധാരമായ ചുവടെ ചേർക്കുന്ന രേഖകൾ ലഭ്യമല്ല എന്ന് കാണുന്നു.

1. എം.സി.എഫിനു വേണ്ടി കെട്ടിടം വിട്ടുനൽകിയതിന് - ഗ്രാമപഞ്ചായത്തുമായി ചമച്ച കരാർ ഫയലിൽ ലഭ്യമല്ല .

2. താൽക്കാലിക എം.സി.എഫിനായി കെട്ടിടം വാടകക്കെടുത്തത് ഭരണസമിതി അംഗീകരിച്ചതിന്റെ തീരുമാനം ഫയലിൽ ലഭ്യമല്ല .

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/23-24 തീയതി 21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 22,200 /രൂപ തടസ്സത്തിൽ വെക്കുന്നു.

1-16 സുസ്ഥിരമായ ശുചിത്വം ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിതകർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന

മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനാഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 16 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 8499 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 3034 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 32 |

2) ഹരിത കർമ്മസേന

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2017 സാമ്പത്തിക വർഷത്തിലാണ് വീടുകളിൽ നിന്ന് അജൈവമാലിന്യം ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചത്. ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടുണ്ട് .

3) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് ചാക്കൊന്നിന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ. യൂസർ ഫീ ആയി ഈടാക്കുന്ന തുകയ്ക്ക് പുറമേ റിജക്റ്റഡ് വേസ്റ്റിന് പ്രത്യേക തുകയൊന്നും നിലവിൽ ഈടാക്കുന്നില്ല.

4) മാലിന്യ ശേഖരണ കാര്യക്ഷമത

2023 മാർച്ച് മാസത്തിലും, 2024 മാർച്ച് മാസത്തിലും യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2023 ഏപ്രിൽ മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|
| വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 3120 | 397 | 6500 | 828 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |

| | |
|---|---|
| 1,97,160 | 6,02,800 |

യൂസർ ഫീ നൽകാൻ കഴിവില്ലാത്ത ഏകദേശം 40 ഓളം കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവരുടെ യൂസർ ഫീ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം വെച്ചിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല . (പ്രൊജക്ട് നം.226/23-24, നിർവ്വഹണം - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വകയിരുത്തിയത് 25000/- രൂപ)

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വീടുകളിലും കെട്ടിടങ്ങളിലുമായി ആകെ 8294 സ്ഥാപനങ്ങളിൽ ക്യൂ.ആർ കോഡ് പതിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർ ഫീ പിരിച്ചെടുക്കാൻ യോഗ്യമായ 6500 വീടുകളും, 828 വാസേതര കെട്ടിടങ്ങളുമാണ് ഉള്ളത്. പുതുതായി നിർമ്മിക്കുന്ന വീടുകൾ, കെട്ടിടങ്ങൾ എന്നിവയിൽ ക്യൂ.ആർ കോഡ് പതിക്കാൻ ശേഷിക്കുന്നുണ്ട്. ഇക്കാര്യം പരിശോധിച്ച് യൂസർ ഫീ പിരിവിന് യോഗ്യമായ മുഴുവൻ കെട്ടിടങ്ങളിലും ക്യൂ.ആർ കോഡ് പതിച്ച് മാലിന്യശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി കേരള ബാങ്കിന്റെ നടുവണ്ണൂർ ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 165212801003481). പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 9,15,393/- രൂപയാണ്. 2021-22, 2022-23, 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2021-22 | 2022-23 | 2023-24 |
|---|---|---|---|
| പിരിച്ചെടുത്ത യൂസർ ഫീ | 8,59,149 | 9,22,801 | 33,07,100 |
| സെഗ്രിഗേറ്റഡ് വേസ്റ്റിൽ നിന്നുള്ള വരുമാനം | 0 | 76,134 | 1,32,710 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 3,10,145 | 10,29,075 | 34,39,810 |

5) മാലിന്യ നീക്കം

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ടെണ്ടർ വിളിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. ഓഡിറ്റ് വർഷം "നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്" എന്ന ഏജൻസിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നത് . റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 4.10/- രൂപ നിരക്കിലാണ് അവർ നീക്കം ചെയ്തിരുന്നത്. റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുക ഗ്രാമപഞ്ചായത്താണ് ഏജൻസിക്ക് നൽകി വരുന്നത്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്തതിന് ഗ്രാമപഞ്ചായത്ത് 13,87,701/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണവും, സെഗ്രിഗേഷനും കാര്യക്ഷമമായതിന്റെ ഭാഗമായി കൂടുതൽ അളവ് മാലിന്യം ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്തതിനാലാണ് മാലിന്യത്തിന്റെ അളവും, കയ്യൊഴിക്കൽ ചെലവും കൂടിയത് എന്നാണ് ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചത് .

മാലിന്യം നീക്കം ചെയ്തതിന് ശേഷം ഏജൻസി ലഭ്യമാക്കുന്ന അളവുതൂക്ക ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് കരാർ പ്രകാരമുള്ള തുക നൽകി വരുന്നത്. പന്തീരാങ്കാവിലുള്ള പാറാടൻ

വെയ്ബ്രിഡ്ജിൽ വച്ചാണ് മാലിന്യനീക്കത്തോടനുബന്ധിച്ച് വാഹനങ്ങളുടെ തൂക്കമെടുത്തു വരുന്നത്. 36 കിലോമീറ്റർ ദൂരെയുള്ള സ്ഥാപനത്തിൽ നിന്ന് തൂക്കമെടുക്കുന്നതുകൊണ്ട് തന്നെ തൂക്കമെടുക്കുമ്പോൾ ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറിയോ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറോ, ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടറോ, ഹരിത കർമ്മസേനയോ ആയതിന് മേൽ നോട്ടം വഹിക്കുന്നില്ല എന്ന് വ്യക്തമാണ്. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നത് സമീപ പ്രദേശത്തുനിന്നാവേണ്ടതും ആയതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതുമാണ്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നില്ല. എന്നാൽ വീടുകളിൽ വച്ച തന്നെ ഒരു പ്രാഥമിക വേർതിരിവ് നടത്തുന്നുണ്ട്. തുടർന്ന് എം.സി.എഫിൽ വച്ച് വിശദമായ വേർതിരിവ് നടത്തുകയും, പുനരുപയോഗ്യ മാലിന്യങ്ങൾ വിറ്റ് കയ്യൊഴിയുകയും, ശേഷിക്കുന്നവ മാലിന്യനീക്ക ഏജൻസിക്ക് നൽകുകയും ചെയ്യുന്നുണ്ട് .

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങൾ വഴി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്തി മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം നൽകിയിട്ടുണ്ടെന്നും, എല്ലാ വാർഡുകളിലും ഗ്രീൻ അംബാസിഡർമാരെ തെരഞ്ഞെടുത്ത് പ്രത്യേകം പരിശീലനം നൽകി വരുന്നുണ്ടെന്നുമാണ് അധികൃതർ അറിയിച്ചിട്ടുള്ളത്. ചുവടെ പറയുന്ന വിവരങ്ങളും ഇത് സംബന്ധിച്ച് ലഭ്യമാക്കിയിട്ടുണ്ട്.

1. SIAB-Students Initiative Against Bottle എന്ന പരിപാടി പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട് .

2. ശുചിത്വ മാരത്തോൺ ബാലസഭയുടെ നേതൃത്വത്തിൽ പൊതു ഇടങ്ങളിൽ വലിച്ചെറിയപ്പെട്ട പ്ലാസ്റ്റിക് ബോട്ടിലുകൾ കുട്ടികൾ ശേഖരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറിയിട്ടുണ്ട് .

3. മാലിന്യ സംസ്കരണ സംവിധാനം നടപ്പിലാക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊള്ളിച്ച കൊണ്ട് നോട്ടീസുകൾ വിതരണം ചെയ്യുകയും അനൗൺസ്മെന്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട് .

4. 100 % അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നവർക്ക് ആകർഷകമായ സമ്മാനപദ്ധതി എന്നത് പഞ്ചായത്തിൽ വലിയ വിജയം കൈവരിച്ചിട്ടുണ്ട്.

5. N.S.S വളണ്ടിയേർസ്, സ്കൗട്ട്, ഗൈഡ് എന്നിവർ ഹരിതകർമ്മസേനയോടൊപ്പം സമയം ചെലവഴിച്ച് അജൈവമാലിന്യങ്ങൾ കൈമാറാത്ത വീടുകൾ സന്ദർശിച്ച് അവബോധം നൽകിയിട്ടുണ്ട്.

6. സ്കൂളുകളിൽ ഹരിതകർമ്മസേനയെ ക്ഷണിതാക്കളാക്കി വിദ്യാർത്ഥികൾക്ക് അവബോധം നൽകി വരുന്നുണ്ട്.

7. കുടുംബശ്രീയുടെ നേതൃത്വത്തിൽ " മുഖശ്രീ " പദ്ധതി നടപ്പിലാക്കി ഓരോ അയൽക്കൂട്ടങ്ങൾ പ്രദേശങ്ങൾ വൃത്തിയാക്കുന്ന പരിപാടി നിർവ്വഹിച്ചിട്ടുണ്ട്.

എല്ലാ മാസങ്ങളിലും ഹരിതകർമ്മസേനാംഗങ്ങൾ വീടുകൾ/സ്ഥാപനങ്ങൾ സന്ദർശിക്കുന്ന വേളയിൽ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് നിരന്തരമായി ആവശ്യപ്പെടുന്നതിനാൽ ജനങ്ങൾ അത്തരത്തിൽ പുതിയ ശീലങ്ങൾ അവലംബിക്കുകയും മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു എന്നാണ് നിർവ്വഹണോദ്യോഗസ്ഥർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി മേൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിച്ചത് പ്രശംസനീയമാണ്.

8)തൊഴിൽ സൃഷ്ടിക്കൽ

സേനാംഗങ്ങൾക്ക് നിലവിൽ നിശ്ചിത ദിവസവേതനം എന്നതിന് പകരം മാലിന്യശേഖരണത്തോടനുബന്ധിച്ചുള്ള യൂസർഫീ പിരിവിന് ആനുപാതികമായാണ് വേതനം നൽകി വരുന്നത്. വീടുകളിൽ നിന്ന് പ്രാഥമിക സെഗ്രിഗേഷൻ നടത്തുന്നുണ്ടെങ്കിലും രണ്ടാം ഘട്ട വേർതിരിവ് നടക്കുന്നത് എം.സി.എഫിൽ നിന്നാണ്. എം.സി.എഫിൽ നിന്നുള്ള സെഗ്രിഗേഷൻ നടത്തുന്നവർക്ക് വേതനം നൽകാൻ കഴിയാത്തതിനാൽ പ്രതിദിനം മാലിന്യശേഖരണത്തോടൊപ്പം എം.സി.എഫിൽ നിന്നുള്ള സെഗ്രിഗേഷനും നടക്കുന്നുണ്ട്. ഈ രീതിയിൽ വേതനം നിശ്ചയിച്ചതു മൂലം മാലിന്യ ശേഖരണവും സെഗ്രിഗേഷനും യഥാവിധി നടക്കുന്നുണ്ട് .

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമേ കുടുംബശ്രീ അംഗങ്ങൾ ചേർന്ന് ആരംഭിച്ച സഹായി ജനസേവനകേന്ദ്രം മാത്രമാണ് അധിക വരുമാനദായക സംരംഭം.

9) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനയ്ക്ക് യൂണിഫോമും മറ്റ് സുരക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി വരുന്നുണ്ട്. വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനവാടക അനുവദിച്ചിട്ടുണ്ട് .

10) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

11-ാം വാർഡിലുള്ള വാകയാട് റോഡിലാണ് ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥിതി ചെയ്യുന്നത്. എം.സി.എഫിനു വേണ്ട എല്ലാ വിധ സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് ഇവിടെ ഒരുക്കിയിട്ടുണ്ട്. 8-ാം വാർഡിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും വിട്ടുകിട്ടിയ 4 സെന്റ് സ്ഥലത്ത് 2024-25 വർഷ പദ്ധതിയായി പുതുതായി ഒരു M.C.F നിർമ്മിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടിയത് 4.11.24ന് ആയതിനാൽ ഓഡിറ്റ് തീയതി വരെ ചെലവ് വന്നിട്ടില്ല .

11) .ബെയ്ലിംഗ് മെഷിൻ വാങ്ങൽ

പ്രോജക്ട് നമ്പർ 207 പ്രകാരം ബെയ്ലിംഗ് മെഷിൻ വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . പദ്ധതി ഇ-ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞനിരക്കായ 337000/-രൂപ ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് മെഷിൻ വാങ്ങിയത്. ജി.എസ്.ടി ഉൾപ്പടെ 397660/-രൂപയുടെ ചെലവാണ് പദ്ധതിക്കു വന്നത് ( ബിൽ നം 388/24.3.24) .

12) പരിശീലനവും വികസനവും

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ട പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി ഹരിതസഹായസ്ഥാപനത്തിന് വിഹിതം നൽകിയിട്ടുണ്ട്. ആയത് ഹരിതകർമ്മസേനയുടെ കാര്യക്ഷമത വർദ്ധിക്കാനിടയാക്കിയിട്ടുണ്ട് .

13) പ്രവർത്തന അവലോകനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, വി.ഇ.ഒ, ഹരിതകർമ്മസേനയുടെ പ്രസിഡന്റ്, സെക്രട്ടറി, സി.ഡി.എസ് ചെയർ പേഴ്സൺ എന്നിവർ ഹരിത കർമ്മസേനാ പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നുണ്ട്.

14) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ നല്ല രീതിയിൽ നടന്നു വരുന്നുണ്ട് എന്നാണ് പരിശോധനയിൽ മനസ്സിലാവുന്നത്. പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വെച്ചു തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്.
2. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് നിലവിൽ സംവിധാനമില്ല. സമഗ്രമാലിന്യ നിർമ്മാർജ്ജനത്തിനായി തൻവർഷം പഞ്ചായത്ത് വലിയ തുക ചെലവഴിച്ചിട്ടുണ്ട്(ഖണ്ഡിക 1-17, 1-23 എന്നിവ കാണുക). അജൈവമാലിന്യം കയ്യൊഴിയുന്ന വകയിലെ സാമ്പത്തിക ബാധ്യത കുറയ്ക്കേണ്ടതും കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്.
3. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
4. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിൽ സ്ഥാപിച്ച ബെയ്‌ലിംഗ് മെഷീൻ സംബന്ധിച്ച് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, ആയത് പ്രവർത്തനസജ്ജമാക്കേണ്ടതുമാണ്. സേനാംഗങ്ങളെ സാമ്പത്തികമായി സ്വയംപര്യാപ്ത മാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിതകർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## 1-17 ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ-പ്രവർത്തനം കാര്യക്ഷമമല്ല

| | |
|---|---|
| പ്രോജക്ട് നം | 225 |
| പ്രോജക്ട് | ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകൽ |
| നിർവ്വഹണം | അസി.സെക്രട്ടറി |
| വകയിരുത്തിയത് | 2,00,000 ( തനതു ഫണ്ട് ) |
| ചെലവ് | 1,86,872 ( തനതു ഫണ്ട് ) |
| ബിൽ നം | 116/09.10.23-23359<br>123/16.10.23-23359<br>168/10.11.23-23359<br>216/11.12.23-23359<br>292/13.02.24-23359<br>310/29.02.24-23359<br>397/25.03.24-23359<br>462/30.03.23-23359 |
| ആകെ | 1,86,872 |

ഹരിതസഹായ സ്ഥാപനത്തിന് മാസം തോറും വിഹിതം നൽകുന്നതിനാണ് മേൽ പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. 2023 ആഗസ്റ്റ് മാസം 2 ന് നിറവ് ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റുമായി ഗ്രാമപഞ്ചായത്ത് കരാർ വെച്ചതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട് .

ത.സ്വ.ഭ.വകുപ്പിന്റെ 9.2.18ലെ സ.ഉ (സാധാ)407/18 നം ഉത്തരവ് പ്രകാരം 6 പഞ്ചായത്തുകൾ ചേർന്ന ഒരു ക്ലസ്റ്ററിന്റെ ചുമതല ഏറ്റെടുക്കുന്ന ഹരിതസഹായ സ്ഥാപനത്തിന് പരമാവധി 1,70,000/-രൂപ നൽകാവുന്നതാണ് എന്ന് സൂചിപ്പിച്ചിരിക്കുന്നു.

തുടർന്ന് ത.സ്വ.ഭ.വകുപ്പിന്റെ 1.3.19 ലെ സ.ഉ (സാധാ) 471/19 നം ഉത്തരവ്, ശുചിത്വമിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടറുടെ 331/സി.5/2019/എസ്.എം. നടപടിക്രമം തിയ്യതി 17.03.2020 എന്നിവ പ്രകാരം ഹരിതസഹായ സ്ഥാപനത്തിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ നൽകേണ്ട കൺസൾട്ടൻസി ഫീസും അതിന്മേലുള്ള ജി.എസ്.ടിയും അടങ്ങിയ നടത്തിപ്പ് തുക നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം ബാലുശ്ശേരി ക്ലസ്റ്ററിന് നിശ്ചയിച്ച കൺസൾട്ടൻസി ഫീസാണ് നടുവണ്ണൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിത സഹായ സ്ഥാപനത്തിന് അനുവദിക്കാൻ കഴിയുന്നത്.

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഹരിതസഹായ സ്ഥാപനത്തിന് പ്രതിമാസം 23359/- രൂപയാണ് വേതനമായി 2023-24 വർഷത്തിൽ നൽകിയത്. 2017ൽ പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മസേന സ്വയം പ്രവർത്തനശേഷി കൈവരിച്ചിട്ടുണ്ടോ എന്നത് വിലയിരുത്താതെ തുടർന്നുള്ള വർഷങ്ങളിലേക്ക് ഹരിതസഹായ സ്ഥാപനത്തിന് വിഹിതം നൽകുന്നതിനായി 1,86,872/- രൂപ ചെലവഴിച്ചതിന്റെ അനിവാര്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

1.) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും വിഹിതം ലഭിച്ച ഹരിതസഹായ സ്ഥാപനത്തിന്റെ പ്രഥമ ചുമതല ഹരിതകർമ്മസേനക്ക് ആവശ്യമായ പരിശീലനം നൽകുക എന്നതാണ് 2017 ൽ പ്രവർത്തനം ആരംഭിച്ച് 7 വർഷത്തെ പ്രവർത്തനപരിചയത്തിലൂടെ സ്വയം പ്രവർത്തനശേഷി കൈവരിച്ച ഹരിതകർമ്മസേനക്ക് എത്തരത്തിലുള്ള പരിശീലനമാണ് ഹരിതസഹായ സ്ഥാപനം നൽകി വരുന്നത് എന്നതിൽ വ്യക്തതയില്ല.

2.) ഹരിതകേരളം മിഷൻ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഹരിതസഹായ സ്ഥാപനത്തിന്റെയും ഹരിതകർമ്മസേനയുടേയും സഹായത്തോടെ ഡി.പി.ആർ തയ്യാറാക്കേണ്ടതാണെങ്കിലും ഡി.പി.ആർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല .

3.) അജൈവമാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനു തയ്യാറുള്ള വിവിധ സ്ഥാപനങ്ങളെ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ അജൈവമാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിതകർമ്മസേനയെ പരിശീലിപ്പിക്കേണ്ടതും, പ്രോട്ടോക്കോൾ തയ്യാറാക്കി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുക എന്നതും ഹരിതസഹായ സ്ഥാപനത്തിന്റെ ചുമതല ആണെങ്കിലും ആയത് നിർവ്വഹിച്ചു എന്ന് ബോധ്യപ്പെടുന്നതിനായി ഈ ഇനത്തിൽ ഹരിത കർമ്മസേനയ്ക്ക് വരുമാന വർദ്ധനവുണ്ടായിട്ടില്ല എന്ന് കാണുന്നു.

4.) ഹരിതകർമ്മസേനയുടെ വരുമാനം വിലയിരുത്തി സാമ്പത്തിക സ്ഥിരത വരുത്തുന്നതിന് അനുയോജ്യമായ അധിക വരുമാനദായക പ്രവർത്തനങ്ങൾ കണ്ടെത്തി വികസിപ്പിക്കുകയും, പ്രസ്തുത തൊഴിലുകൾ ചെയ്യുന്നതിനുള്ള നൈപുണ്യം സേനയ്ക്ക് ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടത് ഹരിതസഹായ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണെങ്കിലും ആയതിലും ഗണ്യമായ നേട്ടങ്ങളൊന്നും കൈവരിച്ചതായി കാണുന്നില്ല. 7,000/- രൂപ മുതൽ പരമാവധി 10,000/-രൂപ വരെ പ്രതിമാസ വേതനമായി ലഭിക്കുന്ന സേനാംഗങ്ങൾക്ക് 04.04.2016 ൽ പ്രവർത്തനം ആരംഭിച്ച 'സഹായി' ജനസേവനകേന്ദ്രം മാത്രമാണ് അധിക വരുമാനദായക സംരംഭം. പുതുതായി മറ്റ് തൊഴിൽ സാധ്യതകൾ കണ്ടെത്തുകയോ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ഹരിത സഹായ സ്ഥാപനം ചെയ്തിട്ടില്ല .

5.) കരാർ വെച്ച് 30 ദിവസത്തിനകം ശുചിത്വമാലിന്യ സംസ്കരണം - അവസ്ഥാ വിശകലന റിപ്പോർട്ട്, പ്രായോഗിക കർമ്മപരിപാടി എന്നിവ തയ്യാറാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിരുന്നെങ്കിൽ 2023-24 വർഷം മാലിന്യസംസ്കരണത്തിനായി പഞ്ചായത്ത് 13,87,701/- രൂപ ചെലവഴിച്ചതും മാലിന്യ നിർമ്മാർജ്ജനത്തിനുള്ള വാഹനവാടകയിനത്തിൽ 2,71,375/- രൂപ ചെലവഴിച്ചതും കുറക്കാൻ സാധിക്കുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

6.) ത.സ്വ.ഭ.വകുപ്പിന്റെ 15.7.17ലെ സ.ഉ.(സാധാ) നം2420/17ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഹരിത സഹായ സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങളിലൊന്ന് മാലിന്യത്തിന്റെ ഉൽപ്പാദനത്തിൽ കുറവ് വരുത്തുന്നതിലേക്കായി അജൈവ വസ്തുക്കളുടെ ഉപയോഗം കുറച്ച് പുനരുപയോഗം വർദ്ധിപ്പിച്ച് പുനഃചംക്രമണം പ്രോത്സാഹിപ്പിക്കുന്നതിന് ഹരിതകർമ്മസേനയെ പ്രാപ്തമാക്കുക എന്നുള്ളതാണ്.

എന്നാൽ ഇത്തരത്തിൽ ഒരു പരിശീലനം ഹരിതകർമ്മസേനയ്ക്ക് നൽകിയിരുന്നെങ്കിൽ 16 വാർഡുകൾ ഉള്ള പഞ്ചായത്തിൽ നിന്നും മാലിന്യ നിർമ്മാർജ്ജനത്തിനായി ആകെ 16,59,076/-രൂപ (ഹരിതസഹായസ്ഥാപനത്തിന് നൽകിയ 1,86,872/- രൂപയ്ക്ക് പുറമേ) ചെലവഴിക്കാനിടയായ സാഹചര്യം ഒഴിവാക്കാമായിരുന്നു. (വിശദാംശം ചുവടെ പട്ടികയിൽ)

| പ്രോജക്ട് നം | ചെലവഴിച്ച തുക |
|---|---|
| 164- മാലിന്യം നീക്കം ചെയ്യൽ വാഹന വാടക | 19,305 |
| 227-സമഗ്ര മാലിന്യ നിർമ്മാർജ്ജനം | 8,83,017 |
| 221-മാലിന്യം നീക്കം ചെയ്യാൻ വാഹനവാടക | 2,52,070 |
| 63-സമഗ്ര മാലിന്യ നിർമ്മാർജ്ജനം | 3,00,000 |
| പ്രൊജക്ടിൽ ഉൾപ്പെടുത്താതെ തനത് ഫണ്ടിൽ നിന്ന് മുൻകൂർ ചെലവ് | 2,04,684 |
| ആകെ | 16,59,076/- |

യൂസർഫീ പിരിവിന്റെ പുരോഗതി

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് 2023 ഏപ്രിൽ മാസം പിരിച്ചെടുത്ത യൂസർഫീ 197160/-രൂപയാണ്. ഹരിതസഹായ സ്ഥാപനവുമായി എഗ്രിമെന്റ് വെച്ചതിനുശേഷം ഉണ്ടായ യൂസർഫീ പിരിവിന്റെ പുരോഗതി ചുവടെ ചേർക്കുന്നു .

| മാസം | പിരിച്ചെടുത്ത യൂസർഫീ |
|---|---|
| ആഗസ്റ്റ് | 2,01,350 |
| സെപ്റ്റംബർ | 2,79,850 |
| ഒക്ടോബർ | 2,80,100 |
| നവംബർ | - |
| ഡിസംബർ | 3,35,000 |
| ജനുവരി | 2,68,300 |
| ഫെബ്രുവരി | 2,98,150 |
| മാർച്ച് | 3,04,650 |
| ആകെ | 19,67,400 |

ഹരിതസഹായ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുന്നതിന് മുൻപ് 2 ലക്ഷത്തിൽ കുറവായിരുന്ന യൂസർഫീ 2023-24 മാർച്ച് മാസത്തിൽ 3 ലക്ഷം രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രധാനമായും എം.സി.എഫുകൾ, മിനിഎം.സി.എഫുകൾ എന്നിവ സന്ദർശിച്ച് അവയുടെ പരിപാലനം ഉറപ്പു വരുത്തുകയും ഹരിതകർമ്മസേനയുടെ കൂടെ വീടുകൾ കയറി യൂസർഫീ ബോധവൽകരണം നടത്തുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ യൂസർഫീ പിരിവിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ ഹരിതസഹായ സ്ഥാപനം ലഭ്യമാക്കേണ്ടതായ മറ്റ സേവനങ്ങൾ തൃപ്തികരമായി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാതെയാണ് സ്ഥാപനത്തിന് വിഹിതം നൽകിയത്. പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് ഗുണകരമല്ലാത്ത രീതിയിൽ മാലിന്യ നീക്കത്തിന് വലിയ തുക ചെലവാക്കിയതിനും ഹരിത സഹായസ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടിയിരുന്ന സേവനങ്ങൾ യഥാവിധി ലഭ്യമാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കുടിവെള്ളപദ്ധതി മോട്ടോർ സ്ഥാപിക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോർ സ്ഥാപിക്കൽ പദ്ധതി പ്രകാരം മോട്ടോർ, കൺട്രോൾ പാനൽ, പൈപ്പുകൾ എന്നിവയുടെ വില, ഫിറ്റിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ & ഇൻസ്റ്റലേഷൻ ചാർജ് എന്നീ ഇനങ്ങളിൽ റെയ്ഡ്കോക്ക് ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. റെയ്ഡ്കോയ്ക്ക് നൽകിയ തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര്, ചെലവഴിച്ച തുക | റിമാർക്സ് |
|---|---|
| ജി.എം.എൽ.പി. സ്കൂൾ ,<br>ജി.ഡബ്ല്യൂ. എൽ.പി സ്കൂൾ ,<br>ആയുർവ്വേദ ആശുപത്രി<br>കിണർ നവീകരണം<br>പ്രോജക്റ്റ് നം - 186/23-24<br>ബിൽനം 126/18.10.23- 119588 | 1.5 എച്ച്.പി മോട്ടോർ വില - 18172<br>ഇൻസ്റ്റലേഷൻ ചാർജ് - 9440<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 8239<br>G.M.L.P School<br>മോട്ടോർ വില – 25724<br>ഇൻസ്റ്റലേഷൻ ചാർജ് - 9912<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 11670.98<br>ആയുർവ്വേദ ആശുപത്രി<br>മോട്ടോർ വില – 18172<br>ഇൻസ്റ്റലേഷൻ ചാർജ് – 9440<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 8818 |
| കരുവണ്ണൂർ,നടുവണ്ണൂർ സബ്സെന്റർ<br>കിണർ നവീകരണം<br>പ്രോജക്റ്റ് നം - 177/23-24<br>ബിൽനം 125/18.10.23- 71221 | നടുവണ്ണൂർ സബ് സെന്റർ.<br>മോട്ടോർ വില – 17160<br>ഇൻസ്റ്റലേഷൻ ചാർജ് – 9440<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) -8345<br>കരുവണ്ണൂർ സബ് സെന്റർ.<br>മോട്ടോർ വില – 18172<br>ഇൻസ്റ്റലേഷൻ ചാർജ് – 9440<br>മറ്റുള്ളവ (ടാക്സ് ഉൾപ്പെടെ) - 8664 |

പ്രധാന അപാകതകൾ

1) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുക നൽകുകയാണ് ചെയ്തത്.

2) നിർവ്വഹിച്ച പ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്താതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

3) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

4) പ്രവൃത്തിക്ക് ഉപയോഗിച്ച സാധന സാമഗ്രികൾ റെയ്ഡ്കോ നിർമ്മിച്ചതാണെന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റെയ്ഡ്കോക്ക് അധികനിരക്കിൽ തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-19 മെൻസ്ട്രുവൽ കപ്പ് വിതരണം . പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 232/23-24.

അടങ്കൽ - 35000

ബിൽ നം. /തുക - 308/28.2.24 - 34799/-

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനമായ HLL LIFE CARE എന്ന സ്ഥാപനത്തിന്റെ പെർഫോർമ ഇൻവോയിസ് നം. 402/20.2.24 പ്രകാരം 116 മെനസ്ട്രുവൽ കപ്പ് വാങ്ങിയിട്ടുണ്ട്. ഫയലിൽ ഗുണഭോക്തൃലിസ്റ്റ്, വിതരണ വിവരങ്ങൾ, എന്നിവ ഇല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.14/23-24, തീയതി 21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 34,799/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 പൊതുമരാമത്ത് ചെലവ് തുക സംബന്ധിച്ച്

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷത്തിൽ തയ്യാറാക്കിയത് 25 സ്പിൽ ഓവർ പദ്ധതികളുൾപ്പടെ ആകെ 109 പദ്ധതികളാണ്. പദ്ധതികൾക്കായുള്ള ആകെ അടങ്കൽ തുകയായ 4,79,11,999/- രൂപയിൽ 1,48,34,027/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (ചെലവ് ശതമാനം 30.96) ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 16,39,795 | 4,40,874 | 26.88 |
| എസ്സ്.സി.പി | 10,14,000 | 1,99,694 | 19.69 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 98,84,665 | 48,02,657 | 48.58 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 7,87,500 | 4,50,218 | 57.17 |

| | | | |
|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 24,33,952 | 0 | 0 |
| തനതുഫണ്ട് | 80,50,445 | 32,06,526 | 39.83 |
| സംരക്ഷണഗ്രാന്റ് റോഡ് | 1,80,48,212 | 46,84548 | 25.95 |
| സംരക്ഷണഗ്രാന്റ് റോഡിതരം | 30,53,430 | 10,49,510 | 34.37 |
| മറ്റുള്ളവ | 30,00,000 | 0 | 0 |
| ആകെ | 4,79,11,999 | 1,48,34,027 | 30.96 |

തൻവർഷം പുതുതായി രൂപീകരിച്ച 84 പദ്ധതികളിൽ 33 എണ്ണത്തിനു മാത്രമാണ് ഓഡിറ്റ് വർഷം ചെലവുള്ളത്. ചെലവില്ലാത്ത 51 പദ്ധതികളിൽ 39 എണ്ണം റോഡ് പ്രവൃത്തികളും, 12 എണ്ണം കെട്ടിട/ കുടിവെള്ള പ്രവൃത്തികളുമാണ്. പുതുതായി രൂപീകരിച്ച പദ്ധതികളിൽ ഇത്തരത്തിൽ വളരെ കുറഞ്ഞ എണ്ണം മാത്രം നിർവ്വഹിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

25 സ്പിൽ ഓവർ പ്രവൃത്തികളിൽ 6 എണ്ണത്തിന് തൻവർഷവും ചെലവില്ല. മുൻവർഷ പദ്ധതികളിൽ നിർവ്വഹണം ആവശ്യമായവ മാത്രമാണ് സ്പിൽ ഓവർ ആയി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുള്ളൂയെന്നിരിക്കെ പദ്ധതികൾ തുടർവർഷത്തിലും നടപ്പിലാക്കാതെ പോവുന്നത് പദ്ധതി ആസൂത്രണത്തിലെ അപാകത മൂലമാണ്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 പൊളിച്ച് മാറ്റിയ മെറ്റീരിയൽ ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

പ്രോജക്ട് നം. – 240 /23-24

(കുടുംബാരോഗ്യകേന്ദ്രം പുതിയകെട്ടിടത്തോടനുബന്ധിച്ചുള്ള പ്രവൃത്തികൾ)

ചെലവ് തുക – ബിൽ നം. 463/23-24, തി. 30.3.2024

മേൽ പദ്ധതി പ്രകാരം നടവണ്ണൂർ ഫാമിലി ഹെൽത്ത് സെന്റർ മെയിൻ ബ്ലോക്കിലെ പഴയ ബിൽഡിംഗ് പൊളിച്ച് മാറ്റുന്ന പ്രവൃത്തിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. 21.12.2023 ന് 47/23-24 നമ്പർ എഗ്രിമെന്റ് പ്രകാരം ശ്രീ.മനോജ്.കെ.എം. എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 20.11.24 ന് പ്രസ്തുത സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ പൊളിച്ച് മാറ്റിയ കല്ല് , വാതിൽ, ഇന്റർലോക്ക് എന്നിവ അവിടെ കൂട്ടിയിട്ടതായി കാണുന്നു. ഈ പദ്ധതിയിൽ RCC Demolish, Steel Work, Stone Demolish, Dismantling Doors, Windows എന്നിവയെല്ലാം ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം നടന്നിട്ടുണ്ടെങ്കിലും ഇവയുടെ സ്റ്റാക്ക് രേഖപ്പെടുത്തിയിട്ടില്ല. പൊളിച്ച് മാറ്റിയവയിൽ പുതിയ നിർമ്മിതിയ്ക്കായി കുറച്ച് മെറ്റീരിയൽ ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഡിമോളിംഷിംഗ് ഇനങ്ങളുടെ തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമോളിഷ് ചെയ്ത ഇനങ്ങൾ പുനരുപയോഗിച്ച വിവരമോ, ലേലം ചെയ്ത വിവരമോ അറിയിക്കേണ്ടതാണ്.

1-22 സർക്കാർ അനുമതിയില്ലാതെ ഘടക സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാൻറ് റോഡിതര ഫണ്ടിൽ നിന്നും അഡ്വാൻസ് അനുവദിക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 4/24 |
| അടങ്കൽ തുക | 4,50,000 (മെയിന്റനൻസ് ഗ്രാന്റ്,NR) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ, തിയതി |
| 4,50,000<br>(മെയിന്റനൻസ് ഗ്രാൻറ്, NR) | 61/05.08.23 |

ഗ്രാമപഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങൾക്ക് 2023-24 വർഷത്തെ കണ്ടിജൻസി ചെലവുകൾക്കായി തൻവർഷം 4,50,000/- രൂപ അതാത് സ്ഥാപനങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് ചുവടെ ചേർക്കും പ്രകാരം മുൻകൂറായി നൽകിയിട്ടുണ്ട്.

| | സ്ഥാപനത്തിന്റെ പേര് | കൈമാറിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | കൃഷി ഭവൻ | 35,000 | ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | വെറ്റിനറി ഡിസ്പെൻസറി | 40,000 | നീക്കിയിരിപ്പില്ല. |
| 3 | കുടുംബാരോഗ്യകേന്ദ്രം | 2,15,000 | 03.04.24 ന് 54,232/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. |
| 4 | ഗവ. ആയുർവ്വേദ ആശുപത്രി | 30,000 | 03.04.24 ന് 7,560/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. |
| 5 | ഗവ. ഹോമിയോ ഡിസ്പെൻസറി | 30,000 | 03.04.24 ന് 2,589/- രൂപ നീക്കിയിരിപ്പുണ്ട്. |
| 6 | ഗവ. യു.പി. സ്കൂൾ, കരുവണ്ണൂർ | 40,000 | നീക്കിയിരിപ്പില്ല. |
| 7 | ഗവ. എൽ.പി സ്കൂൾ,കാവുന്തറ | 30,000 | ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 8 | ഗവ. എൽ.പി സ്കൂൾ, നടുവണ്ണൂർ | 30,000 | ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ | 4,50,000 | |

വർഷങ്ങളായി ഇത്തരത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം മുൻകൂറായി ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്ക് അനുവദിക്കുകയാണ് ചെയ്തു വരുന്നത്. എന്നാൽ സാമ്പത്തിക വർഷാവസാനം ലാപ്സാകുന്ന ഇത്തരം ഫണ്ടുകൾ സെക്രട്ടറിയുടെ പ്രൊജക്ട് പ്രകാരം മുഴുവൻ

ചെലവഴിച്ചതായി അക്കൗണ്ട് ചെയ്യുകയും എന്നാൽ യഥാർത്ഥത്തിൽ ചെലവഴിക്കാതെ അതാത് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി അവശേഷിക്കുകയും അടുത്ത വർഷങ്ങളിൽ ഇത് ചെലവ് ചെയ്യുകയുമാണ് ചെയ്യുന്നത്. മാത്രമല്ല ഇത്തരത്തിൽ മുൻകൂർ അനുവദിച്ച തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കപ്പെടുന്നുമില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം ഇത്തരത്തിൽ മുൻകൂറായി അനുവദിക്കുന്നതിനുള്ള സർക്കാർ അനുമതി ഉത്തരവ് ഹാജരാക്കാനും കൈമാറിയ തുക അതാത് സ്ഥാപനങ്ങൾ വിനിയോഗിച്ചതിന്റെ രേഖകളും ബന്ധപ്പെട്ട സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളുടെ പാസ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (നം. 7/23-24 തിയതി 19.11.24 ) ക്രമ നമ്പർ 2,3,4,5,6 പ്രകാരമുള്ള സ്ഥാപനങ്ങൾ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് വിശദാംശങ്ങൾ ലഭ്യമാക്കിയതിൽ, 3 സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ ഇപ്പോഴും തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. മറ്റ് സ്ഥാപനങ്ങളുടെ അക്കൗണ്ട് വിശദാംശങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതുവരെയും നീക്കിയിരിപ്പ് തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതു വരെയും ചെലവഴിച്ച 4,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 റിജക്ടഡ് വേസ്റ്റ് കൈയ്യൊഴിയൽ - ചെലവഴിച്ചത് 13.87 ലക്ഷം രൂപ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 227/24 |
| അടങ്കൽ തുക | 11,00,000(തനതു ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ, തിയതി |
| 1,38,785 | 121/13.10.23 |
| 2,61,215 | 170/10.11.23 |
| 3,66,495 | 245/26.12.23 |
| 1,16,522 | 457/30.03.24 |

ഹരിത കർമ്മ സേന മുഖേന വാതിൽപ്പടി ശേഖരണത്തിന്റെ ഭാഗമായി ശേഖരിച്ച് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റ് വകയിരുത്തി വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 63/24 നമ്പർ പ്രൊജക്ട് ഏറ്റെടുത്തിരുന്നു. എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കാത്തതിനെ തുടർന്ന് 30.06.23 ലെ 5/3 നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഏറ്റെടുത്ത പ്രൊജക്ടിൽ വകയിരുത്തിയ വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ താത്കാലികമായി തനത് ഫണ്ടിൽ നിന്നും എഗ്രിമെന്റ് സ്ഥാപനമായ നിറവിന് ബിൽ തുക നൽകുന്നതിനും പിന്നീട് തനതു ഫണ്ട് വകയിരുത്തി പുതിയ പ്രൊജക്ട് രൂപീകരിക്കുന്നതിനും തീരുമാനിക്കുകയും തുടർന്ന് 227/24 നമ്പറായി പ്രൊജക്ട് ആവിഷ്കരിച്ച് മുകളിൽ ചേർത്ത പ്രകാരം 883017/- രൂപ സെക്രട്ടറി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തനത് ഫണ്ടിൽ നിന്നും പ്രൊജക്ടിൽ ഉൾപ്പെടുത്താതെ 204684/- രൂപയും (വൗച്ചർ നമ്പർ 22300338/04.07.23) വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 3,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റും ഉൾപ്പെടെ തൻവർഷം ആകെ 13,87,701/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. മാലിന്യം കൈയ്യൊഴിയുന്നതിനായി ഗ്രാമപഞ്ചായത്ത് കരറിലേർപ്പെട്ട 'നിറവ് ', വേങ്ങേരി എന്ന സ്ഥാപനത്തിന്റെ 19.06.23, 18.08.23, 21.08.23, 06.12.23, 15.12.23, 16.02.24 എന്നീ തീയതികളിലെ കത്തുകളിൽ ആകെ 3335.595 ടൺ മാലിന്യം റീസൈക്ലിങ് യൂണിറ്റിലെത്തിച്ചതിന്റെ തുകയായി 14,05,815/- രൂപ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് മുകളിൽ ചേർത്ത പ്രകാരം തുക സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൈയൊഴിഞ്ഞ മാലിന്യത്തിന്റെ

മൊത്തം തൂക്കം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഭരണ സമിതി തീരുമാനത്തിന് വിധേയമായി തുക അനുവദിക്കാവുന്നതാണെന്നും തൂക്കം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ (VEO/HI) പരിശോധന റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും സെക്രട്ടറി 27.06.23 ൽ ഓഫീസ് കുറിപ്പായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അത്തരത്തിലുള്ള റിപ്പോർട്ട് ഫയലിനൊപ്പം ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് ആകെ 46340 കി.ഗ്രാം മാലിന്യം കയറ്റി അയച്ചതിൽ മാത്രമാണ് വി.ഇ.ഒയുടെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുള്ളത്. ഈ റിപ്പോർട്ടിൽ മാലിന്യം കയറ്റിയ സ്ഥലം വാർഡ്/എം.സി.എഫ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എം.സി.എഫിൽ നിന്നും ഇത്രയും മാലിന്യം തൂക്കമെടുത്തത് എങ്ങനെയെന്നും വ്യക്തമല്ല. മാലിന്യത്തിന്റെ തൂക്കം സംബന്ധിച്ച് നിറവ് ബില്ലിനോടൊപ്പം ലഭ്യമാക്കിയത് പന്തീരാങ്കാവ്, കോഴിക്കോടുള്ള PARADAN WEIGH BRIDGE ൽ നിന്നും തൂക്കം എടുത്തതിന്റെ വിശദാംശങ്ങളാണ്. മാലിന്യങ്ങൾ ഏറ്റവും അടുത്തുള്ള അംഗീകൃത വെയ്ബ്രിഡ്ജിൽ നിന്ന് തൂക്കം എടുത്ത് സാക്ഷ്യപ്പെടുത്തണം എന്ന നിബന്ധന ഇവിടെ പാലിച്ചിട്ടില്ല. മാലിന്യങ്ങൾ തൂക്കം എടുക്കുന്നത് ഗ്രാമ പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലായിരിക്കണം എന്ന നിബന്ധനയും പാലിച്ചിട്ടില്ല. ഒരു ബില്ലിലും പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ഇതിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലല്ലാതെ 'നിറവ്' ലഭ്യമാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഇത്രയും വലിയ തുക ചെലവഴിച്ചത് എന്ന് കാണുന്നു.

2. തനതു ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ 2,04,684/- രൂപ പ്രൊജക്ട് പ്രകാരമുള്ള ചെലവിന്റെ ഭാഗമാക്കിയിട്ടില്ല.

3. വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുന്നതിനു പകരം റിജക്ട് മാലിന്യങ്ങൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കൈയ്യൊഴിയുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യങ്ങൾക്ക് എതിരാണ്. 7-09-2020- ലെ ഡി.സി1/282/2020/ത.സ്വ.ഭ.വ/നം. സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിക്കുകയും കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി, 16-03-2023 പ്രകാരം ഇത് പുതുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സ്വീകരിക്കേണ്ട ഹരിതകർമ്മസേന ഇതേ ഫീസിൽ ഉൾപ്പെടുത്തി കലണ്ടർ പ്രകാരമുള്ള റിജക്ട് മാലിന്യവും ശേഖരിക്കുകയും റിജക്ട് മാലിന്യം കയറ്റി അയക്കേണ്ട ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കുകയും ആണ് ചെയ്യുന്നത്. മേൽ സൂചിപ്പിച്ച പഞ്ചായത്ത് തീരുമാനത്തിൽ ഹരിതകർമ്മസേന മുഖേനയുള്ള വാതിൽപ്പടി ശേഖരണത്തിന് പുറമേ, ഗ്രാമപഞ്ചായത്തിലെ മുഴുവൻ അങ്ങാടികളും പൊതുയിടങ്ങളും ജലാശയങ്ങളും സ്ഥാപനങ്ങളും ശുചീകരിച്ചതിലൂടെ, വളരെയധികം റിജക്റ്റഡ് ഇനത്തിലുള്ള മാലിന്യങ്ങൾ ശേഖരിക്കപ്പെട്ടിരുന്നു എന്നും ആയതിന് 'നിറവ്' ലഭ്യമാക്കിയ ബിൽ തുക അനുവദിക്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്. എന്നാൽ 2024-25 വർഷം ഈയിനത്തിൽ 2024 നവംബർ മാസം വരെ 48/25, 50/25 എന്നീ പ്രൊജക്ടുകളിലായി യഥാക്രമം 3,07,418/- രൂപയും 6,39,333/- രൂപയും ഉൾപ്പെടെ ആകെ 9,46,751/- രൂപ നിറവിന് അനുവദിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മാത്രമല്ല നിലവിൽ വാർഡ് 14 ൽ വാകയാട് റോഡിലുള്ള എം.സി.എഫിൽ രണ്ടു വാർഡുകളിൽ നിന്ന് മാത്രം ശേഖരിച്ച വേസ്റ്റുകൾ കൂട്ടിയിട്ടിട്ടുള്ളതായും ആയതിനാൽ സെക്രട്ടറിയുടെ 2023-24 വർഷത്തെ പ്രൊജക്ട് മുഖേന വാങ്ങിയ ബെയിലിങ്ങ് മെഷീൻ ഉപയോഗപ്പെടുത്താൻ സാധിക്കാത്തതായും ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രവർത്തന കലണ്ടർ പ്രകാരമല്ലാതെ സേന യൂസർഫീ മാത്രം ഈടാക്കി വീടുകളിൽ നിന്നും ഷോപ്പുകളിൽ നിന്നും റിജക്റ്റഡ് വേസ്റ്റുകൾ ശേഖരിക്കുന്നുവെന്ന് കാണാവുന്നതാണ്. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/23-24,തീയതി-20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട ഫണ്ടുകൾ ഇത്തരത്തിൽ റിജക്റ്റഡ് വേസ്റ്റ് കൈയ്യൊഴിയുന്നതിന് ഉപയോഗിക്കുന്നത് സംബന്ധിച്ച വിഷയത്തിലേക്ക് വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി - സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തിൽ കൃത്യതയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 151/24 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 2,00,000 (തനതു ഫണ്ട്) |
| ചെലവ് തുക | ബിൽ സാങ്ഷൻ നമ്പർ/ തിയതി |
| 1,95,880/- | 309/29.02.24 |
| 92630/- | 336/02.09.24 (2024-25) |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഒരു വർഷത്തേക്ക് പരിപാലിക്കുന്നതിന് തുക ചെലവഴിക്കുന്നതാണ് പ്രൊജക്റ്റ്. ഇതിനായി 07.07.23 ലെ A4-3492/23 നമ്പറായി ടെണ്ടർ പരസ്യം ചെയ്യുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഫിയോനിക്സ് എൽ.ഇ.ഡി ബൾബ്, പാടിച്ചിറ, വയനാട് എന്ന സ്ഥാപനത്തെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് തീരുമാനം നം. 3(1)/23 തിയതി 31.07.23) 18 വാർട്സിലുള്ള 332 ബൾബുകൾക്ക് 590/- രൂപ നിരക്കിൽ 1,95,880/- രൂപ 2023-24 വർഷവും, ആകെ അടങ്കൽ തുകയിൽ മാറ്റം വരുത്തി 157 ബൾബുകൾക്ക് 92,630/- രൂപ 2024-25 വർഷവും ഉൾപ്പടെ 2,88,510/- രൂപ സ്ഥാപനത്തിന് ഇതുവരെ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, സ്ഥാപിച്ച സ്ഥലം എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. ഇതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ, ആകെ 200 LED ബൾബുകളും 151 ട്യൂബുകളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി. യുമായി ചേർന്ന് അവസാനമായി സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയത് പ്രകാരം (അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, നടുവണ്ണൂരിന്റെ 03.07.2019 ലെ DB/Street . Light/19-20 നമ്പർ കത്ത്) 20 W LED - 110എണ്ണം, 80 W Double Tube - 23 എണ്ണം, CFL - 1, S.V - 1, SL - 1, 80 W Double Tube – 27 എണ്ണം എന്നിങ്ങനെയാണ് പ്രസ്തുത സെക്ഷന്റെ പരിധിയിലുള്ള ബൾബുകളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ റിപ്പോർട്ട് ലഭിച്ചതിന് ശേഷവും ബന്ധപ്പെട്ട രജിസ്റ്ററിൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രൊജക്റ്റ് രൂപീകരണത്തിനു മുൻപായി എ.എം.സി ആവശ്യമായ തെരുവ് വിളക്കുകളുടെ കണക്കുകൾ തയ്യാറാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും ആവശ്യകത നിർണ്ണയിക്കാതെയാണ് ഇത്രയും ബൾബുകൾക്ക് എ.എം.സി വെച്ചത് എന്നു കാണുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്ത് വർഷം തോറും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനാൽ, നിലവിൽ വാറന്റി പിരീഡിലുള്ളവയ്ക്കാണോ എ.എം.സി വയ്ക്കുന്നതെന്നും വ്യക്തമല്ല.

2. ഫയൽ പ്രകാരം ടെണ്ടറിൽ പങ്കെടുത്ത മൂന്ന് സ്ഥാപനങ്ങളിൽ സ്റ്റാർ ഇലക്ട്രിക്കൽസ് കൽപ്പത്തൂർ എന്ന സ്ഥാപനവും തേജസ് ഇല്ക്ടിക്കൽ സിസ്റ്റം, അയനിക്കാട് എന്ന സ്ഥാപനവും 18 W, 24 W എന്നിവയ്ക്കുള്ള ഓട്ടോമാറ്റിക്, ഓർഡിനറി ബൾബുകൾക്കുള്ള വ്യത്യസ്ത നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പാക്കുന്നതിനായി തെരെഞ്ഞെടുത്ത ഫിയോനിക്സ് എൽ.ഇ.ഡി. ബൾബ്, പാടിച്ചിറ എന്ന സ്ഥാപനം 18 W, 24 W എന്നിവയ്ക്കുള്ള നിരക്ക് രേഖപ്പെടുത്തിയതല്ലാതെ ഓട്ടോമാറ്റിക്/ഓർഡിനറി എന്നിവയ്ക്ക് പ്രത്യേകം നിരക്ക് ക്വാട്ട് ചെയ്തിട്ടില്ല. മാത്രമല്ല ഇതിൽ ഫിയോനിക്സ് എന്ന സ്ഥാപനം മാത്രമാണ് ബൾബുകളുടെ വാറന്റി സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് രണ്ടു സ്ഥാപനങ്ങളും ഇത് സംബന്ധിച്ച് ടെണ്ടറിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെ വ്യത്യസ്ത രീതിയിൽ ലഭ്യമാക്കിയ ടെണ്ടറുകൾ താരതമ്യപ്പെടുത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിനെ തിരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിലാണ് എന്ന് വ്യക്തമല്ല. ഓരോ തരം ബൾബുകൾക്കും പ്രത്യേകം നിരക്ക് രേഖപ്പെടുത്തണം എന്നത് സംബന്ധിച്ചോ, വാറന്റി സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഉൾപ്പെടുത്തി ടെണ്ടർ സമർപ്പിക്കണം എന്ന നിബന്ധന ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

3. വാങ്ങൽ നടത്തുന്നതിനു മുമ്പായി സ്ഥാപനം എം.എസ്.എം.ഇ. തന്നെയാണെന്നും സ്ഥാപനത്തിന് സാധനങ്ങളും സേവനങ്ങളും വിതരണം ചെയ്യുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ ശേഷി ഉണ്ടെന്നും ഉറപ്പാക്കുവാൻ എല്ലാ സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ടതാണെന്ന് ജി.ഒ(പി)നം.2/2019/ എസ്.പി.ഡി/തീയതി-24.01.19 ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിർമ്മാതാക്കൾക്കും സേവന ദാതാക്കൾക്കും മാത്രമാണ് ടെണ്ടർ ഫീസ്, ഇ.എം.ഡി എന്നിവയ്ക്ക് ഇളവിന് അർഹത ഉള്ളത് എന്നതിനാൽ ടെണ്ടറിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ കളുടെ ആധികാരികത ഉറപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ എം.എസ്.എം.ഇ. രജിസ്ട്രേഷൻ ഉണ്ടെന്ന കാരണത്താൽ ഈടാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച ആധികാരിക വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സ്ഥാപനവുമായി വെച്ച 10/23-24 നമ്പർ എഗ്രിമെന്റിലെ വ്യവസ്ഥ 5 പ്രകാരവും എല്ലാ മാസത്തിലെയും ആദ്യ ആഴ്ചയിലെ മൂന്ന് ദിവസങ്ങളിൽ പഞ്ചായത്തിലെ കംപ്ലയിന്റ് രജിസ്റ്റർ പ്രകാരമുള്ള തകരാറുകൾ പരിഹരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയ ഫിയോനിക്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസിൽ , സ്ഥാപിക്കുന്ന ബൾബുകൾക്ക് 2 വർഷ വാറന്റി ഓഫർ ചെയ്തിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്ഥാപനവുമായി വെച്ച എഗ്രിമെന്റിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/23-24 തീയതി 19.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 2023-24 ൽ ചെലവഴിച്ച 1,95,880/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 വാറന്റി ഉള്ള ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി

ഫയൽ നമ്പർ – 267/24

ചെലവ് തുക – 38114/-(തനതു ഫണ്ട്)

വൗച്ചർ നമ്പർ/ തീയതി – 22301384/21.03.24

17 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് വാർഷിക പരിപാലന കരാർ ഇനത്തിൽ തുക കൈമാറുന്നതാണ് പദ്ധതി. ഫയൽ പരിശോധിച്ചതിൽ, 08.11.23 മുതൽ 07.11.24 വരെയുള്ള കാലയളവിലേക്ക് ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിന് 1,900/- രൂപ നിരക്കിൽ 17 എണ്ണത്തിന് ജി.എസ്.ടി ഉൾപ്പടെ 38,114/- രൂപ മാക്സിസ് ടെക്നോളജീസ് & സർവ്വീസസ്, കല്ലായി റോഡ്, കോഴിക്കോട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഇൻവോയിസ് നമ്പർ MTS/23-24/611 തിയതി 03.01.24) സ്ഥാപനത്തിന് തുക നൽകിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 17 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് എ.എം.സി യ്ക്കായി തുക നൽകിയിട്ടുണ്ടെങ്കിലും എ.എം.സി രജിസ്റ്റർ പ്രകാരമുള്ള ആകെ 15 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളിൽ, 7 എണ്ണം 3/25 വരെ വാറന്റി ഉള്ളതും, 3 എണ്ണം 1/26 വരെ വാറന്റി ഉള്ളതും, 5 എണ്ണം 2/29 വരെ വാറന്റി ഉള്ളതും ആണ് . ഇതിൽ നിന്നും വാറന്റി കാലാവധിയിലുള്ളവയ്ക്കാണോ എ.എം.സി. വെച്ചത് എന്നത് വ്യക്തമല്ല.

3. കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ എ.എം.സി രജിസ്റ്റർ പരിശോധിച്ചതിൽ, പർച്ചേസ് ചെയ്യുന്ന ഉപകരണങ്ങൾ അവ ലഭിച്ച ഇൻവോയിസ് നമ്പർ, തീയതി, വാറന്റി കാലാവധി, വാറന്റി കാലാവധിയ്ക്ക് ശേഷം എ.എം.സി. വെച്ചത് തുടങ്ങിയ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല എന്ന് കാണുന്നു. രജിസ്റ്റർ പ്രകാരം ഉപയോഗശൂന്യമായതായി രേഖപ്പെടുത്തിയ ഉപകരണങ്ങൾ ഒന്നും ഇ-വേസ്റ്റിൽ ഉൾപ്പെടുത്തി തരംതിരിച്ച് സൂക്ഷിച്ചിട്ടുമില്ല.

എ.എം.സി രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എ.എം.സി വെച്ച 17 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും എ.എം.സി. രജിസ്റ്റർ പ്രകാരം വാറണ്ടിയുള്ള 15 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും ഉൾപ്പെടെ 32 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്ന എന്നുള്ളത് വസ്തുതാപരമല്ല. നിലവിൽ ഓരോ സിസ്റ്റത്തിന്റെയും കണക്കും ആയത് ഏതെല്ലാം സീറ്റ് ഉപയോഗപ്പെടുത്തുന്ന എന്ന വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. എ.എം.സി രജിസ്റ്റർ കൃത്യത വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും വാറന്റി കാലയളവിലുള്ള കമ്പ്യൂട്ടറുകൾക്ക് എ.എം.സി വെച്ചതിന് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 38,114/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൃത്യത ഉറപ്പ് വരുത്തി മറുപടി ലഭ്യമാക്കാത്ത പക്ഷം ഇതിനായി ചെലവഴിച്ച തുക നിരാകരിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2023-24 | 14.11.2024, 15.11.2024, 16.11.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 10,90,000 | ലൈഫ് ഭവന പദ്ധതി | 10,90,000 | 0 |
| | 2023-24 | 6,25,000 | നെൽ കൃഷി കൂലി ചെലവ് | 6,25,000 | 0 |
| | 2023-24 | 1,00,000 | വനിതാ കർഷകർക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 | 0 |
| | 2023-24 | 2,00,000 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 1,00,000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 | 0 |
| | 2023-24 | 2,55,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ് | 2,55,000 | 0 |
| | 2023-24 | 12,60,000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി വിഭാഗം | 12,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 6,85,000 | ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | 6,85,000 | 0 |
| | 2023-24 | 1,86,435 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് | 1,86,435 | 0 |
| | 2023-24 | 1,00,000 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 | 0 |
| | 2023-24 | 91,220 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ് | 91,220 | 0 |
| | 2023-24 | 80,000 | പോത്തുകുട്ടി വളർത്തൽ | 80,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ 27/2019 ത.സ്വ.ഭ.വ തീയതി-22-02-2019 | 0 | 1,34,19,066 | 23,90,934 | -- | 1,10,28,132 |

ഗ്രാമപഞ്ചായത്തിന്റെ ലോൺ രജിസ്റ്റർ പൂർണ്ണമല്ല. ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി എടുത്തിട്ടുള്ള വായ്പയിൽ ഓരോ വർഷവും വരുത്തുന്ന തിരിച്ചടവ്, വർഷാന്ത്യ നീക്കിയിരിപ്പ് തുടങ്ങിയ വിവരങ്ങളൊന്നും ലോൺ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. 18.02.2010 ലെ സ.ഉ (സാധാ) 533/2010/തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ ശാഖയിൽ നിന്ന് 1,39,20,000/- രൂപ വായ്പയെടുത്തിരുന്നു. ഇ.എം.എസ് ലോൺ രജിസ്റ്റർ പ്രകാരം പ്രസ്തുത വായ്പയുടെ മുതൽ തിരിച്ചടയ്ക്കാനില്ലെങ്കിലും 30.06.2023 വരെ പലിശയിനത്തിൽ 9,84,882/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. മേൽ തീയതിക്ക് ശേഷമുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലോൺ രജിസ്റ്ററുകൾ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 49,02,637 |
| തൻവർഷം നിക്ഷേപിച്ച തുക | 2,35,834 |
| ആകെ | 51,38,471 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 51,38,471 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 25.01.2024 | 12 മാസം | 19,85,374 |
| 2 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 14.03.2024 | 12 മാസം | 1,44,905 |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 01.10.2023 | 12 മാസം | 16,90,000 |
| 4 | നടുവണ്ണൂർ റീജ്യണൽ കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 25.10.2023 | 12 മാസം | 11,59,362 |
| 5 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, നടുവണ്ണൂർ | 25.01.2024 | 12 മാസം | 1,58,830 |
| ആകെ | | | | 51,38,471 |

## 4-7 ഓഡിറ്റ് റിക്കവറി

| നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 2021-22 (എൻക്വയറി നമ്പർ 10/ 21-22) | 5342 | കെ.കെ.അബു, കരാറുകാരൻ | 1230100829 Dtd 06/06/2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്ന് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1999-00 | 35 | 2003-04 | 11.13.5.3 | മൈത്രി ഭവന പദ്ധതി - വീട് നിർമ്മിച്ചത് സംബന്ധിച്ചരേഖകളില്ല. | 19-2, LFAC റിപ്പോർട്ട് ഖണ്ഡിക 53 പൂർത്തീകരിച്ച ഭവനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം ഭവന നിർമ്മാണ ബോർഡ് ഹാജരാക്കണം. |
| 1999-00 | - | 2003-04 | മറ്റ് പരാമർശം 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ | തുടരുന്നു. |
| 2000-01 | - | 2003-04 | മറ്റു പരാമർശം 11.14 | ചെങ്ങോട്ടുപാറ – കിഴക്കോറ്റകടവ് റോഡ്, എൽ. പി സ്കൂളിന് ലൈബ്രറി ബുക്ക് | തുടരുന്നു. |
| 2000-01 | -- | 2004-05 | മറ്റു പരാമർശം 11.1.3.39 | നികുതി പിരിവിൽ അലംഭാവം | തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു. |
| 2017-18 | 2-7 | 2018-19 | -- | വാണിജ്യ കെട്ടിട പെർ മിറ്റ് ഉപയോഗിച്ച് | തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ആരാധനാലയം നിർമ്മിച്ചു. | |

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തൻവർഷം ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി തുകയൊന്നും ലഭിച്ചിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ആകെ വരവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 4,97,85,153/- |
| ആകെ ചെലവ്<br>(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 5,15,51,791/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,40,993/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 22,200/- | ശ്രീ.ഷിബിൻ.കെ, അസി. സെക്രട്ടറി |
| 1-19 | 34,799/- | ഡോ.അഭിലാഷ്.ആർ.ജെ,<br>മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-22 | 4,50,000/- | ശ്രീ.മനോജ്.ഒ, സെക്രട്ടറി |
| 1-24 | 1,95,880/- | ശ്രീ.മനോജ്.ഒ, സെക്രട്ടറി |
| 1-25 | 38,114/- | ശ്രീ.മനോജ്.ഒ, സെക്രട്ടറി |
| ആകെ | 7,40,993/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായ വരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിബിൻ.കെ, അസി. സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോട്ടൂർ ഗ്രാമപഞ്ചായത്ത് | കണ്ണങ്കണ്ടി വീട്, നന്മണ്ട (പി.ഒ), 671613(പിൻ) |
| ഡോ.അഭിലാഷ്.ആർ.ജെ, മെഡിക്കൽ ഓഫീസർ (അലോപ്പതി) | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, നടുവണ്ണൂർ | കൃഷ്ണഗിരി 70/1675, കാരപ്പറമ്പ്, ഈസ്റ്റ്ഹിൽ 673010 |
| ശ്രീ.മനോജ്.ഒ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ഒതയോത്ത്, നൊച്ചാട്.പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവില ത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡി കകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1999-00 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(3)തീ-29.08.2022 | 2 | 34, 35 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(4) തീ-29.08.2022 | 2 | 8,11 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(11)തീ-29.08.2022 | 1 | 3-9 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(14)തീ-30.08.2022 | 1 | 3-3(2),(3) |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(15) തീ-30.08.2022 | 1 | 2-3 |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി1/ 1578/2021(18)തീ-01.09.2022 | 2 | 2-5, 2-7 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/ പി1/1578/2021(19)തീ-01.09.2022 | 9 | 1-8-1(a), 1-11(3-1), 1-12, 1-13, 1-14, 1-18,1-21(1), 1-22,1-27 (1) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.1/ 1196/22 തീ 27.05.2023 | 18 | 1-1,1-2,1-6,1-8,1-9,1-11,1-12, 1-13, 1-17,1-22, 1-24,1-25, 1-26, 1-30,1-31,1-34, 4-3,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി10/ 1663/23 തീയതി-14.03.2024 | 25 | 1-2-1(2),1-2-1-(4),(6),(8),(9), (10),1-4-1,1-9,1-10,1-12, 1-15,1-16,1-18,1-21,1-22(3), (4),1-23(1),1-24,1-25, 1-26,1-27,1-29,1-30,4-8,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി10 /1663/23 തീയതി-14.03.2024 | 20 | 1-2-1(2),(4),(6),(8),(9),(10),1-22(3), (4),1-23(1) 1-4(1), 1-9, 1-10,1-12, 1-15, 1-16, 1-18, 1-21, 1-24, 1-25, 1-26, 1-27, 1-29, 1-30, 4-8,4-11 |
| 2022-23 | കെ.എസ്.എ.കെ.കെ.ഡിപി10 /1300(1)/23 തീയതി-06.05.2024 | 42 | 1-1,1-1(1,2,3,4,5,6,7,8,9,10,11,12,13,14), 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15,1-16,1-17,1-18, 1-19, 1-20,1-21, 1-22, 1-23,1-24, 1-25, 1-26, 1-27, 1-28, 1-29,1-30,1-31,4-5,4-7, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1)/2024 dated 30-05-2024 and submitted on 21-11-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Naduvannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Naduvannur Grama Panchayat as on 31-03-2024

Date: 03/12/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Naduvannur Grama Panchayat for the Year 2023-2024 .**

**1.Major Observations**

Nil

#### 2.Other Observations

1) Cash flow statement - Net increase/decrease in cashflow does not match with the difference between opening balance and closing balance of cash and cash equivalents.
2)No monthly Reconciliation of ledgers with corresponding registers.
3)No time bound demand entries in the ledger of Property Tax and Profession Tax.
4)Mismatch between values in AFS and Advance to KSEB.
5) Details not entered in Audit recovery Register.
6) No abstract in advance register, deposit register.
7) âÂDirectly debited by bankÂÂ amounts - further action not taken -(BOB CFC account)
8) Expenditure booked in wrong head.
9)Fixed deposit interest not credited.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്